ഇറക്കുന്ന പുസ്തകങ്ങളിൽ അത് ഉണ്ടാകാതിരിക്കുന്നതിന് ഞങ്ങൾ പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്യുന്നുണ്ട്. അദ്ദേഹം ഇപ്പോഴിവിടെ സൂചിപ്പിച്ച "അനുഭവങ്ങൾ" എന്ന പുസ്തകത്തിൽ യേശുക്രിസ്തുവിന്റെ അവസാനത്തെ പ്രലോഭനമെന്ന ഒരു ഉപന്യാസം ഉണ്ട്. പല ഉപന്യാസങ്ങളും അടങ്ങുന്നതാണ് ഈ പുസ്തകം. എന്നാൽ അതിൽ ഈ ഭാഗം ഈ വർഷം കുട്ടികളെ പഠിപ്പിക്കുന്നതിൽനിന്നും മാറ്റം ചെയ്യാനും അടുത്ത വർഷം ഈ പുസ്തകം പിൻവലിക്കാനും ഇതിനകംതന്നെ ഗവൺമെന്റ് നിർദ്ദേശം കൊടുത്തുകഴിഞ്ഞിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, യൂണിവേഴ്സിറ്റി പ്രസിദ്ധപ്പെടുത്തുന്ന പുസ്തകങ്ങളിൽ മറെറാരു രംഗത്തും ഇതുപോലൊരു ന്യൂനത ചൂണ്ടിക്കാണിച്ചിട്ടില്ല. ഇങ്ങനെയുള്ള ഒരു തെറ്റ് യൂണിവേഴ്സിറ്റി ഒരു സ്വയംഭരണ സ്ഥാപനമാണെങ്കിൽപോലും ആവർത്തിക്കപ്പെടാനിടയാകരുത്. അതുകൊണ്ട് ഇക്കാര്യത്തിൽ ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്താനും മനുഷ്യന്റെ വികാരങ്ങളെ വ്രണപ്പെടുത്തുന്ന ഇത്തരത്തിലുള്ള യാതൊന്നും ഉൾക്കൊള്ളിക്കാതിരിക്കുന്നതിനും ആവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

(10) ജലസേചന വകുപ്പുമന്ത്രിയുടെ സഭയെ തെറ്റിദ്ധരിപ്പിക്കത്തക്ക വിധത്തിലുള്ള പ്രസ്താവന

ശ്രീ. ഇ. കെ. നായനാർ : സ്പീക്കർ സർ, രണ്ടാഴ്ച മുമ്പ് നമ്മുടെ ജലസേചന വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട മാണി, ഒരു പ്രസ്താവന നടത്തി. ആയിരം പഞ്ചായത്തുകളിൽ സാമൂഹ്യ ജലസേചന പദ്ധതി നടപ്പിലാക്കും എന്നാണ് പ്രസ്താവിച്ചത്. എനിക്ക് മന്ത്രിയോട് പറയുവാനുള്ളത് ജനങ്ങളെയും ജനപ്രതിനിധികളെയും വഞ്ചിക്കാൻ വേണ്ടി ഇനിയും ഇത്തരം അപഹാസ്യങ്ങളായ പ്രസ്താവനകൾ നടത്തരുതെന്നാണ്. കാരണം, മുഖ്യമന്ത്രിയുടെ പൊളിപറച്ചിൽ അപ്പാടെ അനുകരിക്കാനാണ് മന്ത്രിമാർ ഓരോരുത്തരും, സർക്കാർ ഒന്നാകെയും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഈ സർക്കാരിന്റെ 5-ാം വാർഷിക പരിപാടികളെക്കുറിച്ച് വിശദീകരിച്ചുകൊണ്ട് പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റ് 1986 മേയ് മാസത്തിൽ ഒരു പ്രസിദ്ധീകരണം വിതരണം ചെയ്തിട്ടുണ്ട്. അത് എന്റെ കൈയിലുണ്ട്. ആ പ്രസിദ്ധീകരണത്തിൽ...പമ്പാ കുറ്റ്യാടി, പെരിയാർ, ചിറ്റൂർപ്പുഴ തുടങ്ങിയ പദ്ധതികൾ പൂർത്തിയാക്കി, കൂടാതെ പഴശ്ശി, കാഞ്ഞിരംപുഴ, ഇടമലയാർ, മൂവാറ്റുപ്പുഴ തുടങ്ങിയ പദ്ധതികളുടെ പണി പുരോഗമിച്ചുവരുന്നു എന്ന് 8-ാം പേജിലും 9-ാംപേജിലും എഴുതിയിട്ടുണ്ട്. പി. ആർ. ഡി. വഴി പ്രചരണം നടത്തി 1986 ജൂൺ മാസം 26-ാം തീയതി 30-ാം നമ്പർ ചോദ്യത്തിന് ഉത്തരമായി മന്ത്രി മറുപടിപറഞ്ഞത് ഇപ്രകാരമാണ്. കഴിഞ്ഞ 10 വർഷത്തിന് മുൻപ് 1976-ൽ ആരംഭിച്ച പതിനൊന്ന് വൻകിട ഇടത്തരം ജലസേചന പദ്ധതികളുടെ പണി പൂർത്തിയാകാതെ കിടക്കുകയാണ്. പമ്പാ നദീതട പദ്ധതി, പെരിയാർ കല്ലട, ചിറ്റൂർപ്പുഴ, കുറ്റിയാടി, പഴശ്ശി, കാഞ്ഞിരപ്പുഴ, മൂവാറ്റുപ്പുഴ, ചിമ്മിണി, അട്ടപ്പാടി, കാരപ്പുഴ, എന്നിങ്ങനെ 11 പദ്ധതികളുടെ പണി പൂർത്തിയാകാതെ കിടക്കുകയാണ്. ഇതിൽ പമ്പാ, കുറ്റിയാടി, ചിറ്റൂർപ്പുഴ, എന്നീ പദ്ധതികൾ ഈ സാമ്പത്തിക വർഷത്തിലും മറ്റു ചിലത് അടുത്ത സാമ്പത്തിക വർഷത്തിലും പൂർത്തിയാകുമെന്നാണ് മന്ത്രി പറയുന്നത്. 1986 മേയ് മാസത്തിൽ പറയുന്ന പദ്ധതികൾ പൂർത്തിയാക്കി കഴിഞ്ഞുവെന്ന്. 1986 ജൂണിൽ പറയുന്നു, ഈ സാമ്പത്തിക വർഷം പൂർത്തിയാക്കുമെന്ന് ഇതാണ് പ്രസ്താവന. രണ്ടാഴ്ചയ്ക്ക് മുൻപ് മന്ത്രി പറയുന്നു സാമ്പത്തിക പരിമിതിമൂലം പല വൻകിട ജലസേചന പദ്ധതികളും പൂർത്തിയാ

LIBRARY ARCHIVES Kerala Legislative Assembly

ക്കാൻ കഴിഞ്ഞിട്ടില്ല എന്ന്. ഈ സാഹചര്യത്തിലാണ് ആയിരം പഞ്ചായത്തുകളിൽ സാമൂഹ്യജലസേചന പദ്ധതി നടപ്പിലാക്കുമെന്ന്, മന്ത്രി പ്രസ്താവിച്ചത്. പ്രചരണത്തിനുവേണ്ടി മാത്രം ഇത്തരം പ്രസ്താവനകൾ മന്ത്രിമാർ നടത്തരുത്. ആയിരം പഞ്ചായത്തുകളിൽ പദ്ധതി എങ്ങനെ നടപ്പിലാക്കുമെന്നും പൂർത്തിയാക്കുമെന്നും പറഞ്ഞിട്ട് പിന്നീട് പൂർത്തിയാക്കിയിട്ടില്ലെന്നും പറഞ്ഞു. പൂർത്തിയാക്കാത്ത പദ്ധതികൾ പൂർത്തിയാക്കുമെന്ന് പറയുന്നു. ഇതിനെയൊക്കെ സാമ്പത്തിക സമാഹരണം നടത്തുന്നതെങ്ങനെ ? ഇവിടെ സ്ക്കൂൾ കെട്ടിടം കെട്ടുന്നതിന് പണമില്ലെന്ന് ഇന്നലെ മന്ത്രി പറഞ്ഞു. കർഷകർക്ക് മുഴുവൻ സബ്സീഡി കൊടുക്കാൻ—പാലക്കാട് ജില്ലയിലുള്ളവർക്ക് ഉൾപ്പെടെ പണമില്ലെന്ന് ഇന്നിവിടെ പറഞ്ഞു. അതുപോലെ തന്നെ സാധാരണയായി ദീപാവലിയ്ക്ക് സർക്കാരുദ്യോഗസ്ഥൻമാർക്ക് നേരത്തെ ശമ്പളം കൊടുക്കാറുണ്ട്. ഇത്തവണ അതിനും പണമില്ല. അങ്ങനെ ഈ സർക്കാരിന് ഒരൊറ്റ പദ്ധതിപ്പോലും ഭാഗികമായിട്ടെങ്കിലും നടപ്പിലാക്കാൻ കഴിയാത്തതിന്റെ ഉത്തരവാദിത്വം ഏതു മന്ത്രിയ്ക്കാണ് ? ഇക്കാര്യങ്ങളിൽ ഒരു വിശദീകരണം നടത്താൻ ബഹുമാനപ്പെട്ട മന്ത്രിയോടഭ്യർത്ഥിക്കുന്നു.

ജലസേചനവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ബഹുമാനപ്പെട്ട നായനാർ ഇവിടെ പറഞ്ഞത് വൻകിട ജലസേചന പദ്ധതികളെ പറ്റിയാണ്, വൻകിട ഇടത്തരം ജലസേചനപദ്ധതികളുടെ നിർമ്മാണവേഗത കുറഞ്ഞിരിക്കുന്നു. അതും സാമൂഹ്യ ജലസേചന പദ്ധതിയുമായിയാതൊരു ബന്ധവുമില്ല. സാമൂഹ്യ ജലസേചന പദ്ധതി ചെറുകിട ജലസേചന രംഗത്ത് നടപ്പിലാക്കുന്ന ചെറിയ ചെറിയ പദ്ധതികളാണ്. അപേക്ഷകളുടെ അടിസ്ഥാനത്തിൽ ഓരോ പഞ്ചായത്തിലും ഓരോ പദ്ധതിയെങ്കിലും ഈ വർഷം തന്നെനടപ്പിലാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ബഡ്ജറ്റ് പ്രൊവിഷനകത്തു നിന്ന് ഇതിലേക്കാവശ്യമുള്ള തുക ലഭ്യമാക്കുന്നതാണ്. നിലവിലുള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിന് സാമൂഹ്യ ജലസേചന പദ്ധതി ഒരിക്കലും തടസ്സമല്ല. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ തുടരും. അതോടൊപ്പം പുതിയ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുകയെന്നുള്ളതാണ് ഗവൺമെന്റിന്റെ നയം. സാമൂഹ്യ ജലസേചന രംഗത്ത് നടപ്പിലാക്കേണ്ട പദ്ധതികൾ ചെറുകിട ജലസേചന പദ്ധതികളാണ്. പദ്ധതികളുടെ ആവിഷ്ക്കരണത്തിനും നിർമ്മാണത്തിനും നിർവ്വഹണത്തിനും നടത്തിപ്പിനും കർഷകപങ്കാളിത്തം ഉറപ്പുവരുത്തുന്നുവെന്നുള്ളതാണ് സാമൂഹ്യജലസേചന പദ്ധതിയുടെ പ്രത്യേകതയും വ്യത്യാസവും. ഉപരിതലജലവും ഭൂഗർഭജലവും പ്രയോജനപ്പെടുത്തികൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇത്തരംപദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമുള്ള ഫണ്ടുണ്ട്. അതിന് യാതൊരു തടസ്സവുമില്ല. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് 'കാഡ്' എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടാണ് ഈ പരിപാടി നടപ്പിലാക്കുന്നത്. അതിലേക്ക് ബഡ്ജറ്റിൽ 18 കോടി രൂപയുണ്ട്. കർഷക പങ്കാളിത്തം ഉള്ളതുകൊണ്ട് സാമൂഹ്യജലസേചന പദ്ധതി നടപ്പിലാക്കുവാൻ ഈ വർഷം 8 കോടി രൂപ മാത്രം മതിയാകുന്നതാണ്. അതിനുള്ള ഫണ്ട് ഉണ്ട്. ഓരോ പഞ്ചായത്തിലും മിനിമം ഓരോ പദ്ധതിയെങ്കിലും ഈ വർഷം എടുക്കും നടപ്പിലാക്കും. അതിനെതിരെയുള്ള ഉൽകണ്ഠയും സംശയങ്ങളും അസ്ഥാനത്താണ്. സാഹചര്യങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ഞാൻ ഈ ബില്ലിനെ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly